(ബി) ഈടില്ലാതെ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കും, രക്ഷ കർത്താക്കളുടെ ജാമ്യത്തിൻമേൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കും ഈടില്ലാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്.

(സി) നടപടി നിർത്തിവച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ശതാബ്ദി സ്മാരകമായി ജനോപകാരപ്രദമായ പദ്ധതികൾ

*18 [373] ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡോ. എം. എ. കുട്ടപ്പൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ശതാബ്ദി സ്മാരകമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ എന്തെല്ലാം സംരംഭങ്ങൾക്ക് രൂപം കൊടുത്തു;

(ബി) സഹകരണ സംഘങ്ങൾ യോജിച്ച് പൊതുജനോപകാരപ്രദമായ പദ്ധതികൾക്ക് രൂപം നൽകണമെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സഹകരണ ശതാബ്ദി സ്മാരകമായി താഴെ ചേർത്തിരിക്കുന്ന സംരംഭങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

1. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാർഡിയോളജി ബ്ലോക്ക്.
2. കൊല്ലം ജില്ലാ ആശുപത്രിയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്.
3. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി കെട്ടിടം പണിയുന്നതിന് സംഭാവന.
4. ചങ്ങനാശ്ശേരി താലൂക്കിൽ എഞ്ചിനീയറിംഗ്, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.
5. മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് ഉദാര വായ്പാ പദ്ധതികൾ.
6. തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രിയിൽ ഒരു ഡയാലിസിസ് യൂണിറ്റും അനുബന്ധ സജ്ജീകരണങ്ങളും.

7. മഞ്ചേരി ജില്ലാ സഹകരണ ആശുപത്രിയിൽ ബ്ലോക്ക് നിർമ്മാണം.

8. കോഴിക്കോട് മെഡിക്കൽ കോളേജിൽ വികസന പ്രവർത്തനങ്ങൾ.

9. വയനാട് ജില്ലയിലെ 3 താലൂക്ക് ആശുപത്രികൾക്ക് ശവശീതീകരണ യന്ത്രങ്ങൾ വാങ്ങുന്നതിന് സംഭാവന, ബസ് വെയിറ്റിംഗ് ഷെഡുകളുടെ നിർമ്മാണം.

10. പരിയാരം മെഡിക്കൽ കോളേജിൽ മഴവെള്ള സംഭരണി.

11. കണ്ണൂർ ജില്ലാ ആശുപത്രിയിൽ ശതാബ്ദി സ്മാരക കെട്ടിടം, കുടുംബാസൂത്രണ വാർഡ്, ഓപ്പറേഷൻ തീയേറ്റർ.

12. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ പേവാർഡ് ബ്ലോക്ക്.

13. കൊല്ലം ജില്ലയിൽ ശതാബ്ദി മന്ദിരം.

14. തൃശ്ശൂർ ജില്ലയിൽ സഹകരണ ശതാബ്ദി സ്മാരക സമുച്ചയം.

(ബി) ഉണ്ട്. സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൊല്ലം ജില്ലാ ഗവൺമെന്റ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് സംഭാവന നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് അനുവാദം നൽകിക്കൊണ്ട് രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തി നിയമ നിർമ്മാണം നടത്താൻ നടപടി

*19 [374] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
" പിരപ്പൻകോട് മുരളി:
" എം. വി. ഗോവിന്ദൻ മാസ്റ്റർ:
" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പാസ്സാക്കിയ സ്വാശ്രയ വിദ്യാഭ്യാസ നിയമം ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്തി സംരക്ഷിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്നാണ് ഈ ആവശ്യം ഉന്നയിച്ചത്;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ഈ ആവശ്യം കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly